ഉൾപ്പെടെ ഏകദേശം 35.79 സെന്റ് സ്ഥലത്തിനുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി 8-3-2010-ൽ തഹസിൽദാർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും 5-5-2010-ൽ മൂവാറ്റുപുഴ ആർ.ഡി.ഒ.-ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറും കത്തയച്ചിട്ടുണ്ട്.

(സി) ആധികാരികമായ കൈവശാവകാശ രേഖകൾ ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നെട്ടയത്ത് കെ.എസ്.ഇ.ബി. യുടെ കളക്ഷൻ സെന്റർ ആരംഭിക്കാൻ നടപടി

189 (4252) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ മണ്ഡലത്തിൽ അഞ്ചൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ നെട്ടയത്ത് ഒരു കളക്ഷൻ സെന്റർ ആവശ്യമായ സാഹചര്യത്തിലും, കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് സ്ഥലസൗകര്യമൊരുക്കുവാൻ നെട്ടയം കരാകൈരളി ലൈബ്രറി സമ്മതിച്ചിട്ടുള്ള സാഹചര്യം കൂടി പരിഗണിച്ചും, നെട്ടയത്ത് ബിൽ കളക്ഷൻ സെന്റർ ആരംഭിക്കുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

അഞ്ചൽ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള നെട്ടയത്തുനിന്ന് ഒരു കിലോമീറ്റർ അകലത്തിൽ ആർച്ചൽ, ഏരൂർ എന്നിവിടങ്ങളിൽ കളക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അഞ്ചൽ സെക്ഷൻ ഓഫീസിൽ ക്യാഷ് കൗണ്ടർ രാവിലെ 8.00 മണി മുതൽ വൈകുന്നേരം 6.00 മണിവരെ പ്രവർത്തിക്കുന്നുണ്ട്. RAPDRP പദ്ധതിയിലുൾപ്പെടുത്തി ഉപഭോക്താവിനു ബിൽ തുക ഏത് സെക്ഷനിൽ വേണമെങ്കിലും ഒടുക്കുന്നതിനുള്ള സമ്പ്രദായം നടപ്പിലാക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ഒടുവിലോടെ പദ്ധതി പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ നെട്ടയത്ത് ക്യാഷ് കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലില്ല.

അഴീക്കൽ 110 കെ. വി. സബ്സ്റ്റേഷനെ 220 കെ. വി. സബ്സ്റ്റേഷനാക്കുന്നതിന് നടപടി

190 (4253) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖത്തിനടുത്ത് നിലവിലുള്ള 110 കെ. വി. സബ്സ്റ്റേഷനെ 220 കെ. വി. സബ്സ്റ്റേഷനാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly